# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3685    17.10.2011-ൽ  മറുപടിയ്ക്ക്

## കൃഷി മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ. പി.ജെ.ജോസഫ്<br>( ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) കാർഷികമേഖലയുടെ അഭിവൃദ്ധിക്കായി പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി വൻകിട ഇടത്തരം ജലസേചന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു. സ്റ്റേറ്റ്ഫണ്ട് മുഖേനയും നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയും എം.ഐ. ക്ലാസ്സ്-I, എം.ഐ.ക്ലാസ്സ്-II വിഭാഗങ്ങളിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജലവിഭവവകുപ്പ് ഫാർമേർസ് റിഹാബിലിറ്റേഷൻ പാക്കേജ്, മലബാർ ഇറിഗേഷൻ പാക്കേജ് (എം.ഐ.ആർ.പി.എ), കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് തുടങ്ങിയ പദ്ധതികൾ പ്രകാരം ചെക്ക്ഡാമുകൾ, റഗുലേറ്ററുകൾ, വെന്റഡ് ക്രോസ്സ്ബാർകൾ, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം തുടങ്ങിയവ നടപ്പിലാക്കി വരുന്നു.<br>മലമ്പുഴ, മംഗലം, പോത്തുണ്ടി,, ചിറ്റൂർപ്പുഴ, വാളയാർ, മീങ്കര, ചുള്ളിയാർ, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, പഴശ്ശി, തൃത്താല റഗുലേറ്റർ കം ബ്രിഡ്ജ്, കാരാപ്പുഴ (ongoing) ബാണാസുരസാഗർ (ongoing) ചമ്രവട്ടം |

റഗുലേറ്റർ കം ബ്രിഡ്ജ് (ongoing) പലകപ്പാണ്ടി ( on going ) എന്നീ പദ്ധതികളും കാർഷികമേഖലയുടെ അഭിവൃദ്ധിക്കായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കാരാപ്പുഴ, ബാണാസുരസാഗർ എന്നീ പദ്ധതികളുടെ വിപുലീ കരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കാരാപ്പുഴ, ബാണാസുരസാഗർ എന്നീ പദ്ധതികൾ വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായിട്ടുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാ യിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം പൂർത്തിയാക്കു ന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു ണ്ടെന്ന് വിശദമാക്കുമോ?

(സി) വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചന പദ്ധതി 2010 ജൂൺ 20ന് ഭാഗികമായി കമ്മീഷൻ ചെയ്തു. ഏകദേശം 601 ഹെക്ടർ കൃഷിസ്ഥലത്ത് ജലസേചന സൗകര്യം ഉപയോഗപ്പെടുത്തുന്നു. ഈ പദ്ധതിയുടെ ബാക്കിയുള്ള നിർമ്മാണ പ്രവർത്തനത്തിന് 2011-12 വർഷത്തേക്കുള്ള ആക്ഷൻ പ്ലാൻ അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കനാലുകൾക്കായി സ്ഥലം ഏറ്റെടുക്കേണ്ടതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രഗവണ്മെന്റിന്റെ എ.ഐ.ബി.പി. സഹായം 2.1788 കോടി രൂപ ലഭിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, താലൂക്കുകളിലെ 2300 ഹെക്ടർ സ്ഥലത്ത് കൃഷിക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിന് ബാണാസുരസാഗർ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ പ്രധാന കനാലിന്റെയും ശാഖാകനാലുകളുടേയും വിതരണകനാലുകളുടേയും നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു. ഈ പദ്ധതിയുടെ പ്രധാന കനാലിന്റെയും ശാഖാകനാലുകളുടേയും 14 വിതരണകനാലുകളുടേയും നിർമ്മാണത്തിനു വേണ്ടി 18.1393 ഹെക്ടർ ഭൂമി ഏറ്റെടുത്തു. 43.9452 ഹെക്ടർ സ്ഥലത്തിന്റെ ഏറ്റെടുക്കൽ പൊന്നുംവില നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. 12 കനാൽ നിർമ്മാണപ്രവൃത്തികൾ ആയതിന്റെ അനുബന്ധകനാലുകൾ എന്നിവ പൂർത്തീകരിച്ച് 2014-15 ൽ പദ്ധതി ഭാഗികമായും 2015-16 ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ